ക്ഷീര വികസന വകുപ്പ് :

ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പദ്ധതിയിൽ അഞ്ചൽ ബ്ലോക്കിൽ 6 ഗ്രൂപ്പുകളാക്കിയ 60 പേരെ മിനി ഡയറി യൂണിറ്റ് നടപ്പിലാക്കാനായി തെരഞ്ഞെടുത്തിരുന്നു. 3 പേർ മിനി ഡയറിഫാം ആരംഭിച്ചിട്ടുണ്ട്. ഒരു പശുവും ഒരു കിടാരിയുമുൾപ്പെടുന്ന ഒരു മിനി ഡയറി യൂണിറ്റിന് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ആർ.കെ.വി.വൈ. ധനസഹായം ഗ്രൂപ്പുകളുടെ വിഹിതം എന്നിവയുൾപ്പെടെ ഒരു ലക്ഷം രൂപയാണ് അടങ്കൽ തുക.

(ബി) വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പെരുമണ്ണ കൃഷിഭവനിലെ അധിക തസ്തികകൾ

158 (3132) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ കൃഷിഭവനിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 18-5-2013-ലെ സ.ഉ (എംഎസ്.) 166/13/കൃഷി നമ്പർ ഉത്തരവ് പ്രകാരം പെരുമണ്ണ കൃഷിഭവൻ ഉൾപ്പെടെ പുതിയതായി സൃഷ്ടിച്ച 20 കൃഷിഭവനുകളിൽ 40 കൃഷി അസിസ്റ്റന്റിന്റെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കൃഷിഭവനിൽ രണ്ട് കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം

159 (T* 3133) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പാതിരിച്ചടവ് മുടങ്ങിയവർക്കായുള്ള മൊറട്ടോറിയത്തിന്റെ കാലാവധി എന്നാണ് തീർന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക വായ്പയുടെ മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടണം എന്ന കർഷകരുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ ; എങ്കിൽ എത്ര കാലത്തേക്ക് മൊറട്ടോറിയം നീട്ടുവാനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാർഷിക വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കായുള്ള മൊറട്ടോറിയത്തിന്റെ കാലാവധി 15-2-2015-ന് അവസാനിച്ചു.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

ഫാമുകളുടെ ശാക്തീകരണം

160 (3134) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന വിശദമാക്കുമോ ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കുവാൻ സമ്മാന പദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് :

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly